"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്ലാനിംഗ് - നിർത്തലാക്കിയ കോഴിക്കോട് വികസന അതോറിറ്റിയിലെ പ്ലാനിംഗ് വിഭാഗം ജീവനക്കാരെ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിൽ(Town & Country Planning Department) ലയിപ്പിച്ച് - ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA Nos 2246/2018 & 2282/2018-മേലുള്ള 05.12.2018 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ(കൈ) നം.210/2021/ത.സ്വ.ഭ.വ          തീയതി,തിരുവനന്തപുരം, 22/09/2021

---

പരാമർശം:-

1. 10.03.2017 തീയതിയിലെ സ.ഉ(കൈ).നം.54/2017/ത.സ്വ.ഭ.വ ഉത്തരവ്.
2. 30.03.2017 തീയതിയിലെ സ.ഉ(കൈ).നം.73/2017/ത.സ്വ.ഭ.വ ഉത്തരവ്.
3. OA No 2246/2018 & 2282/2018-ൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.12.2018 തീയതിയിലെ വിധിന്യായം.
4. 29.01.2019 തീയതിയിൽ തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്
5. മുഖ്യ നഗരാസൂത്രകന്റെ 14.02.2020, 10.03.2021തീയതികളിലെ TCPCTP/ 893/2019/A4 നമ്പർ കത്തുകൾ.
6. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് -ന്റെ 31.03.2021 -ലെ ബി1403/21 നമ്പർ കത്ത്.
7. 30.07.2021 -ലെ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പ്രസിദ്ധീകരിച്ച കേരള നഗര ഗ്രാമാസൂത്രണ(ഡവലപ്മെന്റ് അതോറിറ്റി) ഭേദഗതി റൂൾ 2021- സ.ഉ(പി)നം.30/2021/തസ്വഭവ തീയതി 26.7.2021

<u>ഉത്തരവ്</u>

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം, കോഴിക്കോട്, തൃശ്ശൂർ,വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ വികസന അതോറിറ്റികൾ നിർത്തലാക്കിയിരുന്നു. നിർത്തലാക്കിയ ഡവലപ്മെന്റ് അതോറിറ്റികളിലെ പ്ലാനിംഗ് വിഭാഗം ജീവനക്കാരെ നിയമിക്കാൻ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് സർവീസിൽ പ്ലാനിംഗ് വിഭാഗം ഇല്ലാത്തതിനാൽ ടി ജീവനക്കാരെ ഉൾപ്പെടുത്തി പുതിയ പ്ലാനിംഗ് വിംഗ് രൂപീകരിക്കാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റിയിലെ ജീവനക്കാരായ ശ്രീ.ജയനും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA Nos 2246/2018 & 2282/2018-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3)-ലെ വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായി .

'The O.A.s are disposed of with a direction to the first respondent to take a decision on the representation submitted in OA 2246/2018 and the representation to be submitted in OA No.2282/2018 within three months after giving the applicants an opportunity for hearing'

2. നിർത്തലാക്കപ്പെട്ട ഡവലപ്മെന്റ് അതോറിറ്റികളിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് 29.01.2019 തീയതിയിൽ തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി വികസന അതോറിറ്റികളിലെ പ്ലാനിംഗ് വിഭാഗം ജീവനക്കാരെ തദ്ദേശ സ്വയംഭരണ

പ്ലാനിംഗ് വകുപ്പിലേക്ക്(Town & Country Planning Department) ലയിപ്പിക്കാനും അതിനായി കേരള നഗര ഗ്രാമാസൂത്രണ (ഡെവലപ്മെന്റ് അതോറിറ്റി) റൂൾ 2015 ഭേദഗതി ചെയ്യാനും തീരുമാനിച്ചിരുന്നു. പരാമർശം(3)-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെ 29.01.2019 തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടു.

3.കോഴിക്കോട് വികസന അതോറിറ്റിയിൽ പ്ലാനിംഗ് വിഭാഗത്തിൽ 5 പേരാണ് ഉള്ളതെന്നും അതിൽ 3 പേർ സർവീസിൽ നിന്നും വിരമിച്ചതായും എല്ലാ ജീവനക്കാരും പി എസ് സി മുഖേന നിയമിക്കപ്പെട്ടവരാണെന്നും പരാമർശം (6) പ്രകാരം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് അറിയിച്ചിരുന്നു. ടൗൺ പ്ലാനർ ശ്രീ.എ.എം.ജയൻ , ഡെപ്യൂട്ടി ടൗൺ പ്ലാനർമാരായ ശ്രീ.സി.ഹരിഗോവിന്ദ് , ശ്രീ. വി.രാമചന്ദ്രൻ അസിസ്റ്റന്റ് ടൗൺ പ്ലാനർമാരായ ശ്രീ.എസ്.ഗുരുരാജൻ, ശ്രീ.എം.എൻ.ശശി എന്നിവരാണ് നിർത്തലാക്കിയ കോഴിക്കോട് വികസന അതോറിറ്റിയിൽ പ്ലാനിംഗ് വിഭാഗം ജീവനക്കാർ. ടി ജീവനക്കാർ 01.04.2017 മുതൽ കോഴിക്കോട് കോർപ്പറേഷനിൽ തുടർന്ന് വരുന്നതായും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു.

4.തുടർന്ന് പരാമർശം (7) പ്രകാരം കേരള നഗര ഗ്രാമാസൂത്രണ (ഡെവലപ്മെന്റ് അതോറിറ്റി) റൂൾ 2015 ഭേദഗതി ചെയ്തു

5.സർക്കാർ ഈ വിഷയം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റിയിലെ പ്ലാനിംഗ് വിഭാഗം ജീവനക്കാരായ ടൗൺ പ്ലാനർ ശ്രീ.എ.എം.ജയൻ , ഡെപ്യൂട്ടി ടൗൺ പ്ലാനർമാരായ ശ്രീ.സി.ഹരിഗോവിന്ദ് , ശ്രീ. വി.രാമചന്ദ്രൻ അസിസ്റ്റന്റ് ടൗൺ പ്ലാനർമാരായ ശ്രീ.എസ്.ഗുരുരാജൻ, ശ്രീ.എം.എൻ.ശശി എന്നിവരെ പരാമർശം (7)-ലെ കേരള നഗര ഗ്രാമാസൂത്രണ(ഡവലപ്മെന്റ് അതോറിറ്റി) ഭേദഗതി റൂൾ 2021 പ്രകാരം തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിലെ (Town & Country Planning Department) സമാന തസ്തികകളിൽ ജൂനിയർമോസ്റ്റ് എന്ന നിബന്ധന വെച്ച് 26.07.2021 തീയതി പ്രാബല്യത്തിൽ ലയിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കറ്റ് ജനറൽ,കേരള തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് ,കോഴിക്കോട്
സെക്രട്ടറി,കോഴിക്കോട് കോർപ്പറേഷൻ
ബന്ധപ്പെട്ട ജീവനക്കാർ(നഗരകാര്യ ഡയറക്ടർ മുഖേന)
തദ്ദേശ സ്വയംഭരണ(ഐ.എ/ആർ.ഡി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു4/55/2020-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ